Malayala Manorama

17 August 2018

Kochi: Water and Electricty only with care

വെള്ളവും വൈദ്യുതിയും കരുതലോടെ മാത്രം

കൊച്ചി ● വെള്ളപ്പൊക്കം ഗുരുതരമായി തുടരുമ്പോൾ ജില്ലയിൽ വൈദ്യുതി, ശുദ്ധജല വിതരണം തകരാറിലായി. വെള്ളം ഇറങ്ങുന്നതുവരെ ഈ സ്ഥിതി തുടരുമെന്നതിനാൽ വെള്ളം കരുതോടോടെയും വൈദ്യുതി വിവേകത്തോടെയും ഉപയോഗിക്കേണ്ടിവരും.

വെള്ളം കയറിയ പ്രദേശങ്ങളിലെ എല്ലാ ട്രാൻസ്ഫോർമറുകളും ഓഫ് ചെയ്തതോടെ ഈ മേഖലകളിൽ വൈദ്യുതി ഇല്ലാതായി. നാലു പ്രധാന ശുദ്ധജല പമ്പിങ് സ്റ്റേഷനുകളുടെ പ്രവർത്തനവും നിലച്ചതോടെ ജില്ലയിൽ ജല വിതരണം പൂർണമായും നിലച്ചു.

വെള്ളം ഇറങ്ങിയാൽ മാത്രം ജല വിതരണം

പമ്പിങ് സ്റ്റേഷനുകൾ മുങ്ങിയതിനാൽ ഇനി വെള്ളം ഇറങ്ങിയാൽ മാത്രമേ ജലവിതരണം പുനരാരംഭിക്കാനാവൂ.

പെരിയാറിലെ 25-ഓളം ചെറുകിട ജലവിതരണ പദ്ധതികൾ കഴിഞ്ഞ ആഴ്ചതന്നെ നിറുത്തിവച്ചിരുന്നു. പറവൂർ, കടുങ്ങല്ലൂർ, വൈപ്പിനിന്റെ ഒരു ഭാഗം, ചൊവ്വര, നെടുമ്പാശേരി മേഖലകളിൽ ജലവിതരണം നടത്തുന്ന ചൊവ്വര പമ്പിഹൗസിന്റെ പ്രവർത്തനം ചൊവ്വാഴ്ചതന്നെ നിറുത്തിവച്ചു.

കൊച്ചി നഗരസഭ, സമീപ പഞ്ചായത്തുകൾ, പള്ളുരുത്തി, ഇടക്കൊച്ചി ഭാഗങ്ങളിലേക്കു ജല വിതരണമുള്ള ആലുവ പമ്പ് ഹൗസിന്റെ പ്രവർത്തനം ഇന്നലെ പുലർച്ചെ നിറുത്തി. പുഴയിൽ ചെളിവെള്ളം കൂടിയതിനാൽ നേരത്തേതന്നെ ഉൽപാദനം പകുതിയോളമായി കുറച്ചിരുന്നു. ഇന്നലെ രാവിലെയോടെ പമ്പ്ഹൗസിലെ സബ് സ്റ്റേഷനിലേക്കും വെള്ളം കയറി. ഇതോടെ പമ്പിങ് പൂർണായി നിറുത്തി. മൂവാറ്റുപുഴയാറിലെ ചുണ്ടി പദ്ധതി ഇന്നലെ പുലർച്ചെ നിറുത്തി. ഇവിടെ നിന്നാണ് കോലഞ്ചേരി, തൃപ്പൂണിത്തുറ, ഏരൂർ മേഖലകളിൽ ജലവിതരണം. മൂവാറ്റുപുഴയാറിലെ പാഴൂർ പടിയിൽ പമ്പ് ഹൗസുള്ള ജനറം പദ്ധതിയും വൈകുന്നേരത്തോടെ നിറുത്തിയതോടെ ജില്ലയിൽ ജല അതോറിറ്റിയുടെ ജലവിതരണം പൂർണമായി നിലച്ചു. പശ്ചിമകൊച്ചി, മരട്, തേവര, ഐലൻഡ് എന്നിവിടങ്ങളിൽ ഈ പദ്ധതിയിൽ നിന്നാണു ജലവിതരണം.

● കുടിക്കാനൊഴികെ വീട്ടിലെ മറ്റ് ആവശ്യത്തിനു മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കാം.

● കുടിക്കാനുള്ള ആവശ്യത്തിനും മഴവെള്ളം സംഭരിക്കാം.

● ജലവിതരണം പുനഃസ്ഥാപിക്കും വരെ അലക്കു പോലെ വെള്ളം കാര്യമായി ആവശ്യമുള്ള ജോലികൾ ഒഴിവാക്കാം.

● വെള്ളം ഇല്ലെന്നു കരുതി പരിമിതമായിമാത്രം ഉപയോഗിക്കുക.

വൈദ്യുതി വിതരണം ഉറപ്പാക്കാനാവില്ല

ജില്ലയിൽ വെള്ളം ഉയർന്ന പ്രദേശങ്ങളിലെ വൈദ്യുതി വിതരണം നിലച്ചിരിക്കുകയാണ്. വെള്ളം ഉയരുമ്പോൾ ട്രാൻസ്ഫോർമറുകൾ പൊട്ടിത്തെറിക്കുമെന്നതിനാൽ അതെല്ലാം നേരത്തേതന്നെ ഓഫാക്കും.

കല്ലൂർ 110 കെവി സബ്സ്റ്റേഷൻ, കുറുമശേരി, കുവപ്പടി 33 കെവി സബ്സ്റ്റേഷനുകൾ എന്നിവയുടെ പ്രവർത്തനം നിലച്ചെങ്കിലും മറ്റു ഫീഡറുകളിൽ നിന്ന് ഈ സബ് സ്റ്റേഷനുകളിലെ മേഖലകളിലേക്കു വൈദ്യുതി എത്തിച്ചിരുന്നു. എല്ലായിടത്തും മുഴുവൻ സമയ വൈദ്യുതി വിതരണം വരുംദിവസങ്ങളിലും ഉണ്ടാവാൻ സാധ്യതയില്ല.

ആലുവയിൽ പമ്പിങ് നിർത്തി; കൊച്ചിയിൽ വെള്ളം മുടങ്ങും

ആലുവ ● ജല അതോറിറ്റിയുടെ ജലശുദ്ധീകരണശാലയിൽ പമ്പിങ് പൂർണമായി നിർത്തി. ചൂർണിക്കര പഞ്ചായത്തിലേക്കു മാത്രമാണ് ഇന്നലെ അൽപമെങ്കിലും വെള്ളം വിടാനായത്.

വിശാലകൊച്ചി അടക്കമുള്ള പ്രദേശങ്ങളിൽ വരുംദിവസങ്ങളിൽ ജലദൗർലഭ്യം രൂക്ഷമാകും.

പുഴവെള്ളത്തിൽ ചെളിയുടെ അളവു 400 എൻടിയു കടന്നതും മോട്ടോർ, സ്റ്റാർട്ടർ എന്നിവയുടെ പാനൽ ബോർഡുകളിൽ വെള്ളം കയറിയതുമാണു പമ്പിങ് നിർത്താൻ കാരണം.

വെള്ളത്തിൽ ചെളിയുടെതോതു കുറയ്ക്കാൻ കലർത്തുന്ന ആലത്തിന്റെ സ്റ്റോക്ക് കുറവാണ്.

എന്നാൽ കുമ്മായം ആവശ്യത്തിനുണ്ട്. കൂടുതൽ ലോഡ് ആലം എത്തിക്കാൻ കരാറുകാരോട് ആവശ്യപ്പെട്ടു.

പമ്പ് ഹൗസ് വളപ്പിലെ സബ് സ്റ്റേഷനും ട്രാൻഫോമറും വെള്ളത്തിൽ മുങ്ങി. പെരിയാറിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെ തുടർന്നു പമ്പിങ് സ്റ്റേഷനിലെ ഏതാനും മോട്ടോറുകൾ ഉയർത്തിവച്ചു.